**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 541** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>മെഡിസെപ് പദ്ധതിയിൽ ആയുർവ്വേദ ചികിത്സ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി. ദെലീമ — ശ്രീ. വി. ഡി. സതീശൻ

ശ്രീമതി. ദെലീമ — (മുഖ്യമന്ത്രി)

**(എ)** മെഡിസെപ് പദ്ധതിയിൽ ആയുർവ്വേദ ചികിത്സ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; നിലവിൽ ഇത് ഉൾപ്പെടുത്താനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u> നിലവിലെ മെഡിസെപ് പാക്കേജ് പരിഷ്കരിക്കുന്നതിനായി 01/11/2024 തീയതിയിലെ 8103/2024/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. ശ്രീറാം.വി. ഐ.എ.എസ്. ചെയർമാനായ എട്ടംഗ മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മെഡിസെപ്പിന്റെ രണ്ടാം ഘട്ടത്തിലെ വ്യവസ്ഥകളും മാനദണ്ഡങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള** 14/08/2025 യിലെ സ.ഉ.(പി)നം.102/2025/ധന.പ്രകാരമുള്ള **ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിൽ ആയുർവേദ, ഹോമിയോ ചികിത്സകൾ ഉൾപ്പെടുത്തുന്നതിനെ കുറിച്ച് പരാമർശിച്ചിട്ടില്ല. കൂടാതെ സാധാരണ ആരോഗ്യ ഇൻഷുറൻസ് പോളിസികളിൽ പ്രീമിയം നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കുന്ന ഘടകങ്ങളായ പ്രായം, നിലവിലെ അസുഖങ്ങൾ, waiting period എന്നിവയൊന്നും കണക്കിലെടുക്കാതെ risk pooling ചെയ്തു കൊണ്ട് പാക്കേജുകളും നിരക്കുകളും അടിസ്ഥാനപ്പെടുത്തി ചെറിയ പ്രീമിയത്തിൽ ഉയർന്ന പരിരക്ഷ ലഭ്യമാക്കുന്ന മെഡിസെപ് പോലെയുള്ള ഇൻഷുറൻസ് പദ്ധതികളിൽ ആയുർ വേദം പോലെയുള്ള ചികിത്സാ വിഭാഗങ്ങൾ ഉൾപ്പെടുത്തിയാൽ പ്രീമിയം തുക വൻതോതിൽ ഉയരാനിടയാകും. മെഡിസെപ്പിന്റെ രണ്ടാം ഘട്ടം 01.02.2026 മുതൽ ആരംഭിക്കുന്നതിനു 20.01.2026 തീയതിയിലെ സ ഉ (പി) നം 5/2026/ധന പ്രകാരം ഉത്തരവായിട്ടുള്ള സാഹചര്യത്തിലും മറ്റു ചികിത്സാ വിഭാഗങ്ങൾ കൂടി ഉൾപ്പെടുത്തുന്നത് പ്രീമിയം വൻതോതിൽ ഉയരാനിടയാക്കുമെന്നതിനാലും നിലവിലെ സാഹചര്യത്തിൽ ആയുർവേദ ചികിത്സ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നിർവാഹമില്ല.**

**സെക്ഷൻ ഓഫീസർ**